# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:06.03.2026**

### പ്രധാനവാർത്തകൾ

1. രാജ്യത്തെ ഏറ്റവും സുതാര്യവും ജനകീയവുമായ തിരഞ്ഞെടുപ്പായി കേരളത്തിലെ നിയമസഭ തെരഞ്ഞെടുപ്പ് മാറുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ.

2. പശ്ചിമേഷ്യൻ സംഘർഷം ഏഴാം ദിവസവും രൂക്ഷമായി തുടരുന്നു. ഖത്തറിലെ ഇന്ത്യക്കാർ അധികൃതർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ദോഹയിലെ ഇന്ത്യൻ എംബസി.

3. കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗിൻറെ ലക്ഷദ്വീപ് പര്യടനം പുരോഗമിക്കുന്നു. കവരത്തി ദ്വീപിൽ നിർമാണത്തിലുള്ള ഡീസലൈനേഷൻ പ്ലാൻറ് മന്ത്രി സന്ദർശിച്ചു.

4. 2025 ലെ സിവിൽ സർവീസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. 958 പേർ യോഗ്യത നേടി.

5. നിർമ്മാണത്തിൻ്റെ പുതിയ ഘട്ടത്തിലേയ്ക്ക് കുതിച്ച് ആനക്കാംപൊയിൽ - മേപ്പാടി തുരങ്കപാത. ബ്ലാസ്റ്റിംഗ് സ്വിച്ച് ഓൺ കർമ്മം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

6. പാലക്കാടിനും പൊള്ളാച്ചിക്കും ഇടയിൽ മെമു ട്രെയിൻ സർവീസിന് അംഗീകാരം നൽകി ഇന്ത്യൻ റെയിൽവേ.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ് കമ്മീഷണർ (ഇൻട്രോ)**

ഏറ്റവും മികച്ച തിരഞ്ഞെടുപ്പിന് കേരളം സാക്ഷ്യം വഹിക്കുമെന്നും സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ലോകത്തിന് തന്നെ മാതൃകയായിരിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. എറണാകുളം ഗോശ്രീ പാലത്തിൽ സംഘടിപ്പിച്ച ബോധവത്കരണ പരിപാടിയിൽ യുവ വോട്ടർമാരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം .

***വിശദാംശങ്ങളിലേക്ക് .....***

***(വോയിസ്)***

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ് കമ്മീഷണർ (വോയിസ്)**

കേരളത്തിലെ ജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയും ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കാര്യക്ഷമതയും ഒത്തുചേരുമ്പോൾ ഇന്ത്യയിലെ തന്നെ ഏറ്റവും സുതാര്യവും ജനകീയവുമായ തിരഞ്ഞെടുപ്പായി സംസ്ഥാനത്തെ നിയമസഭ

തെരഞ്ഞെടുപ്പ് മാറുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായ ഒരുക്കങ്ങൾ വിലയിരുത്താനാണ് അദ്ദേഹം ഇന്നലെ കേരളത്തിൽ എത്തിയത്. തിരഞ്ഞെടുപ്പിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി

കന്നി വോട്ടർമാർക്ക് അദ്ദേഹം വോട്ടർ ഐ.ഡി കൈമാറുകയും സത്യപ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു . വിവിധ കോളേജുകളിൽ നിന്നായി മുന്നൂറോളം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. യുവ വോട്ടർമാരെ തിരഞ്ഞെടുപ്പ് പ്രക്രിയയിലേക്ക് ആകർഷിക്കുന്നതിനായി സ്വീപ് പുറത്തിറക്കിയ 'ജെൻ സി' തീം സോങ്ങിന്റെ അവതരണവും ചടങ്ങിൽ നടന്നു. എറണാകുളം ജില്ലാ കളക്ടർ ജി പ്രിയങ്ക, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ ഖേൽകർ, തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

ന്യൂസ് ഡസ്ക്, ആകാശവാണി ....

## പശ്ചിമേഷ്യൻ സംഘർഷം

പശ്ചിമേഷ്യൻ സംഘർഷം ഏഴാം ദിവസവും രൂക്ഷമായി തുടരുന്നു. ഇറാനെതിരെ അമേരിക്കയും ഇസ്രയേലും

RNU TVPM

സംയുക്ത വ്യോമാക്രമണം തുടരുമ്പോൾ, ഇറാൻ മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് തിരിച്ചടി ശക്തമാക്കി. ഇറാൻറെ വ്യോമപ്രതിരോധ സംവിധാനങ്ങളും, മിസൈൽ ലോഞ്ചറുകളും തകർത്തതായും, ആക്രമണം ശക്തമാക്കുമെന്നും അമേരിക്കൻ പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സത് പറഞ്ഞു. ഖൊറാംഷഹർ മിസൈലുകളും, ക്ലസ്റ്റർ പോർമുനയോട് കൂടിയ ഖൈബർ മിസൈലുകളും ഉപയോഗിച്ച് ആക്രമണം ശക്തമാക്കുമെന്ന് ഇറാൻ IRGC അറിയിച്ചു. പശ്ചിമേഷ്യയിലെ ഏറ്റവും വലിയ അമേരിക്കൻ സൈനിക താവളമായ ദോഹ അൽ-ഉദൈദ് വ്യോമതാവളത്തെ ലക്ഷ്യം വച്ചുള്ള ഡ്രോൺ ആക്രമണം വിജയകരമായി പ്രതിരോധിച്ചതായി ഖത്തർ പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി.

RNU TVPM

**ഗൾഫ് വിമാനം(ഇൻട്രോ)**

പശ്ചിമേഷ്യൻ പ്രതിസന്ധിയെ തുടർന്ന് ഗൾഫ് മേഖലയിലേക്കുള്ള വിമാന സർവ്വീസുകൾ തടസപ്പെട്ടിരിക്കുകയാണെങ്കിലും തിരുവനന്തപുരത്തു നിന്ന് ഏതാനും വിമാനങ്ങൾ സർവ്വീസ് നടത്തി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി***

***(വോയിസ്)***

കൊച്ചി വിമാനത്താവളത്തിൽ നിന്ന് റാസൽ ഖൈമ, ദുബായ്, മസ്കറ്റ്, ഷാർജ, റിയാദ് എന്നിവിടങ്ങളിലേക്ക് ഇന്ന് വിമാനങ്ങൾ സർവീസ് നടത്തുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**ഇന്ത്യൻ എംബസി-ദോഹ**

നിലവിലെ സുരക്ഷാ സാഹചര്യം കണക്കിലെടുത്ത്, ഖത്തറിലെ എല്ലാ ഇന്ത്യക്കാരും ഖത്തർ അധികൃതർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ദോഹയിലെ ഇന്ത്യൻ എംബസി . സുരക്ഷിതമായ സ്ഥലങ്ങളിൽ തുടരാനും, അത്യാവശ്യ സന്ദർഭങ്ങളിൽ ഒഴികെ പുറത്തുപോകുന്നത് ഒഴിവാക്കണമെന്നും എംബസി പുറത്തിറക്കിയ മാർഗ്ഗനിർദേശത്തിൽ പറയുന്നു .

RIU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി-പ്രധാനമന്ത്രി കത്ത്**

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ വിവിധ രാജ്യങ്ങളിലെ പ്രവാസികൾ നേരിടുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. രോഗികളും , വയോജനങ്ങളും ഉൾപ്പടെ അടിയന്തരമായി നാട്ടിലെത്തേണ്ടവർക്ക് പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തണമെന്നും അമിത

വിമാനക്കൂലി നിയന്ത്രിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

❋❋❋❋❋❋❋❋❋❋❋❋❋

**കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്**

കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ലക്ഷദ്വീപിലെത്തി. ലക്ഷദ്വീപ് കളക്ടർ ഗിരി ശങ്കറും, മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ചേർന്ന് കേന്ദ്രമന്ത്രിക്ക് അഗത്തി വിമാനത്താവളത്തിൽ ഊഷ്മളമായ സ്വീകരണം നൽകി. കവരത്തി ദ്വീപിൽ നിർമാണ ഘട്ടത്തിലുള്ള ഇന്ത്യയിലെ ആദ്യ ഓഷ്യൻ തെർമൽ എനർജി കൺവേർഷൻ ഡീസലൈനേഷൻ പ്ലാൻറ് അദ്ദേഹം സന്ദർശിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**സിവിൽ സർവീസ് പരീക്ഷാ ഫലം**

2025 ലെ യുപിഎസ്സി സിവിൽ സർവീസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. അനുജ് അഗ്നിഹോത്രിക്കാണ് ഒന്നാം റാങ്ക്. രണ്ടാം റാങ്ക് രാജേശ്വരി സുവേ നേടി. 18◌ാ◌ം റാങ്ക് നേടി എസ് ശ്രുതിയും 57◌ാ◌ം റാങ്ക് കരസ്ഥമാക്കി ജെ.എസ്. ശ്രീജയും ഉൾപ്പെടെ അഞ്ചോളം മലയാളികൾ ആദ്യ 150 റാങ്കുകളിൽ ഇടം പിടിച്ചിട്ടുണ്ട്. 958

RNU TVPM

ഉദ്യോഗാർത്ഥികളാണ് ഇത്തവണ സിവിൽ സർവീസ് യോഗ്യത നേടിയത്.

❋❋❋❋❋❋❋❋❋❋❋❋❋

**തുരങ്കപാത-മുഖ്യമന്ത്രി (ഇൻട്രോ)**

നിർമ്മാണത്തിൻ്റെ പുതിയ ഘട്ടത്തിലേയ്ക്ക് കുതിച്ച് ആനക്കാംപൊയിൽ -കള്ളാടി - മേപ്പാടി തുരങ്കപാത. ബ്ലാസ്റ്റിംഗ് സ്വിച്ച് ഓൺ കർമ്മം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് മറിപ്പുഴയിലാണ് ആദ്യ ബ്ലാസ്റ്റ് നടന്നത്.

***വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു........***

***(VOICE )***

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**ട്രെയിൻ സമയം**

കേരളത്തിലെ പാലക്കാടിനും തമിഴ്നാട്ടിലെ പൊള്ളാച്ചിക്കും ഇടയിൽ മെമു ട്രെയിൻ സർവീസിന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അംഗീകാരം നൽകി. മെമു സർവീസ് പൊതുജന സൗകര്യം വർദ്ധിപ്പിക്കുകയും മേഖലയിലെ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് കേന്ദ്ര

സഹമന്ത്രി സുരേഷ് ഗോപി സമൂഹമാധ്യമത്തിൽ കുറിച്ചു. മെമു സർവീസിന് അംഗീകാരം നൽകിയതിന് അദ്ദേഹം റെയിൽവേ മന്ത്രിയ്ക്ക് നന്ദി അറിയിച്ചു.

**മേയർ രാജേഷ്**

ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് കോർപ്പറേഷൻറെ ഉത്തരവാദിത്തം പൂർണമായി നിർവഹിച്ചതായി മേയർ വി.വി രാജേഷ്. പൊങ്കാലയ്ക്ക് ശേഷമുള്ള ശുചീകരണം റെക്കോഡ് വേഗത്തിൽ പൂർത്തിയാക്കിയെന്നും, പൊങ്കാലയുടെ എണ്ണം കൂടുന്നതിന് അനുസരിച്ച് ശുചീകരണ പ്രവർത്തനവും നീളുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. മാലിന്യനീക്കം വൈകുന്നതായ മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ശുചീകരണ പ്രവർത്തനങ്ങളിൽ വീഴ്ചയുണ്ടോ എന്ന് നേരിട്ട് പരിശോധിക്കാൻ ആർ.ഡി.ഒയെ ചുമതലപ്പെടുത്തിയതായി മന്ത്രി വി. ശിവൻകുട്ടി ഇന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ കാര്യങ്ങൾ മനസ്സിലാക്കാതെയാണ് മന്ത്രി അഭിപ്രായം പറയുന്നതെന്നും മേയർ വിമർശിച്ചു.

**കെഎസ്ആർടിസി**

RNU/TVPM

കെഎസ്ആർടിസിയുടെ ബിസിനസ് ക്ലാസ് ബസ് ഈ മാസം 15 ഓടെ ഓടിത്തുടങ്ങുമെന്ന് ഗതാഗതമന്ത്രി കെ ബി ഗണേഷ് കുമാർ. ടിക്കറ്റ് റിസർവ് ചെയ്യുന്നതിനോടൊപ്പം ഭക്ഷണം ബുക്ക് ചെയ്യാനുള്ള സൗകര്യം, മികച്ച ടോയ്‌ലറ്റ് സൗകര്യം, ബസ് ഹോസ്റ്റസ് സൗകര്യം എന്നിവയോടെയാണ് ബിസിനസ് ക്ലാസ് ബസ്സുകൾ സർവീസ് ആരംഭിക്കുന്നത്. കൊച്ചിയിൽ നിന്ന് തിരുവനന്തപുരത്തേക്കും തിരിച്ചും സർവീസുകൾ ഉണ്ടായിരിക്കും. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് നാലു മണിക്കൂറിനുള്ളിൽ എത്തുന്ന തരത്തിലാണ് സർവീസുകൾ ക്രമീകരിച്ചിരിക്കുന്നത് എന്നും എറണാകുളത്ത് നവീകരിച്ച കെഎസ്ആർടിസി ഡിപ്പോയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു.

RNU TVPM

**രാഹുൽഗാന്ധി - കൊല്ലം**

ശ്രീനാരായണഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദിസമ്മേളനം കൊല്ലം ആശ്രാമം മൈതാനത്ത് മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി ഉദ്ഘാടനം ചെയ്തു. ഗുരുദേവന്റെ പ്രതിമയ്ക്ക് മുൻപിൽ പുഷ്പാർച്ചന നടത്താൻ ആർക്കും കഴിയുമെന്നും, എന്നാൽ ഗുരുവിന്റെ തത്വങ്ങൾ പാലിക്കാൻ കഴിയുമോ എന്നതാണ്

പ്രധാനമെന്നും അദ്ദേഹം പറഞ്ഞു . ശിവഗിരിമഠം മഠാധിപതി സച്ചിദാനന്ദ സ്വാമി ചടങ്ങിൽ സർവ്വമതസമ്മേളന സന്ദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

**ഗവർണർ**

നെൽക്കതിരും, കണിക്കൊന്നയുമായി സാഹിത്യ നായകർ ഗവർണറെ സന്ദർശിച്ചു. മലയാളം ഭാഷാ ബില്ലിൽ ഒപ്പുവെച്ചതിന് നന്ദി അറിയിക്കാനാണ് ജോർജ് ഓണക്കൂർ, വി. മധുസൂദനൻ നായർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം ലോക് ഭവനിലെത്തി ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കറെ കണ്ടത്.

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി.ആർ.ബിന്ദു**

കാലടി സംസ്കൃത സർവകലാശാല വിസി കെ.കെ ഗീതാകുമാരിയെ ഗവർണർ മാറ്റിയ സംഭവം നിർഭാഗ്യകരമെന്ന് മന്ത്രി.ആർ.ബിന്ദു. ഗവർണർ തീരുമാനങ്ങൾ ഏകപക്ഷീയമായി എടുക്കുന്നതായും മന്ത്രി കുറ്റപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി+സ്വർണം**

RNUTVPM

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. സെൻസെക്സ് 1,097 പോയിൻറ് ഇടിഞ്ഞ് 78,918 ലും നിഫ്റ്റി 315 പോയിൻറ് നഷ്ടത്തിൽ 24,450 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില കുറഞ്ഞു. പവന് 560 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 18 ആയിരത്തി 880 രൂപയും ഗ്രാമിന് 14 ആയിരത്തി 860 രൂപയുമാണ് ഇന്നത്തെ വില.

**ഐസിസി ടി–20**

ഐസിസി ടി–20 ക്രിക്കറ്റ് ലോകകപ്പിൽ തുടർച്ചയായി കിരീടം നേടി ചരിത്രമെഴുതാൻ തയ്യാറെടുത്ത് ടീം ഇന്ത്യ. ഞായറാഴ്ച അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടക്കുന്ന കലാശപ്പോരാട്ടത്തിൽ ന്യൂസിലൻഡാണ് ഇന്ത്യയുടെ എതിരാളി.

PNU TVPM

**മുഖ്യമന്ത്രി - പെരുമ്പളം പാലം**

ആലപ്പുഴയുടെ സ്വപ്ന പദ്ധതികളായ എ.സി റോഡും പെരുമ്പളം പാലവും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നാടിന് സമർപ്പിക്കും. 752 കോടി ചെലവഴിച്ചു നിർമ്മിച്ച ആലപ്പുഴ -ചങ്ങനാശ്ശേരി റോഡ്, 65. 5 കോടി

രൂപയിൽ നിർമിച്ച പടഹാരം പാലം, കാവാലം തട്ടാശ്ശേരി പാലത്തിൻ്റെ നിർമ്മാണം എന്നിവയുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും. തുടർന്ന് മുഖ്യമന്ത്രി പെരുമ്പളം പാലം ദ്വീപ് നിവാസികൾക്കായി സമർപ്പിക്കും. നാലുവശവും വേമ്പനാട് കായലിനാൽ ചുറ്റപ്പെട്ട ദ്വീപ് നിവാസികളുടെ വർഷങ്ങളായുള്ള യാത്രാദുരിതത്തിനാണ് ഇതിലൂടെ പരിഹാരമാകുന്നത്.